# പതിമൂന്നാം കേരളനിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3390** **14/07/2015-ൽ മറുപടിക്ക്**

## കൊച്ചി സ്മാർട്ട് സിറ്റി

**ചോദ്യം** **മറുപടി**

ശ്രീ. സാജു പോൾ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കൊച്ചി സ്മാർട്ട് സിറ്റിയിൽ മൊത്തം എത്ര ചതുരശ്ര അടി കെട്ടിടം നിർമ്മിക്കാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്; അതിൽ മൊത്തം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനായിരുന്നു പദ്ധതി ലക്ഷ്യം; | (എ) | 88 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമ്മിക്കാനും 90000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) | നിർമ്മാണം പൂർത്തിയാകാറായ കെട്ടിടം എത്ര ചതുരശ്ര അടിയാണ്; ഇതിന്റെ എത്ര ശതമാനം ഏരിയ ഐ.ടി. കമ്പനികൾക്ക് നൽകാൻ സാധ്യമാകും എന്ന് വ്യക്തമാക്കുമോ; | (ബി) | 6.5 ലക്ഷം ചതുരശ്ര അടിയാണ് കെട്ടിട വിസ്തീർണ്ണം. ഇതിന്റെ 70%-മാണ് ഐ.ടി. കമ്പനികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നത്. |
| (സി) | സ്പെയിസ് അലോട്ട് ചെയ്തിട്ടുള്ള കമ്പനികളുടെ പേരും അലോട്ട് ചെയ്ത വിസ്തൃതിയും വിശദമാക്കാമോ; | (സി) & (ഡി) | സ്പെയിസ് അലോട്ട് ചെയ്തിട്ടുള്ള കമ്പനികളുടെ പേരും അലോട്ട് ചെയ്ത വിസ്തൃതിയും, നിരക്ക് സംബന്ധിച്ച വിവരങ്ങളും സർക്കാരിൽ ലഭ്യമല്ല. |
| (ഡി) | ഒരു സ്ക്വയർ മീറ്ററിന് എത്ര നിരക്കിലാണ് സ്പെയിസ് അലോട്ടുമെന്റ് നടത്തിയിരിക്കുന്നത്; ഏതെങ്കിലും കമ്പനി ഇന്റീരിയർ ജോലികൾ ആരംഭിച്ചിട്ടുണ്ടോ; | | |
| (ഇ) | കമ്പനികൾക്കായി നീക്കി വെച്ച മൊത്തം സ്ഥലവും പ്രവർത്തന ക്ഷമമാക്കാൻ ഇനിയും എത്ര മാസങ്ങൾ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്; ഏതെങ്കിലും കമ്പനി സ്ഥലം ഏറ്റെടുത്ത് ജീവനക്കാരെ നിയോഗിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | നിലവിൽ സ്ഥലം ലഭിച്ച കമ്പനികൾ 3-4 മാസത്തിനകം ഓഫീസ് സജ്ജീകരണം പൂർത്തീകരിക്കുമെന്ന് കരുതുന്നതായി സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ